(ബി) ഇതിനായി വീടുകളുടെ പണി എന്നത്തേക്ക് പൂർത്തിയാക്കാമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത് ;

(സി) ആയതിനുള്ള പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ ;

(ഡി) ഒരോ വർഷവും എത്ര വീടുകൾ വീതം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഏകദേശം 5.13 ലക്ഷം വീടുകൾ നിർമ്മിക്കേണ്ടതായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

(ബി) കൃത്യമായി പറയുവാൻ നിർവ്വാഹമില്ല.

(സി) ഈ ലക്ഷ്യം കൈവരിക്കുന്നതിന് സർക്കാരും മറ്റ് ഏജൻസികളും വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഈ സാമ്പത്തിക വർഷം സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കായി 40533 വീടുകളും ഇതര വരുമാന വിഭാഗങ്ങൾക്കായി 4048 വീടുകളും നിർമ്മിച്ച് നൽകുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരികയാണ്.

(ഡി) വിവിധ ഭവന നിർമ്മാണ ഏജൻസികൾ മുഖേന 2003-2004 സാമ്പത്തിക വർഷത്തിൽ 1,12,063 വീടുകൾക്ക് ധനസഹായം നൽകാനാണുദ്ദേശിക്കുന്നത്.

വിദ്യാഭ്യാസ പരിഷ്ക്കരണ കമ്മീഷൻ

8 (*507) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയുടെ സമഗ്ര പരിഷ്ക്കരണം ലക്ഷ്യമാക്കി വിദ്യാഭ്യാസ പരിഷ്ക്കരണ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരെല്ലാമാണ് കമ്മീഷൻ അംഗങ്ങൾ ;

(ബി) കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സ്വാശ്രയ വിദ്യാഭ്യാസ മേഖലയുടെ പരിഷ്ക്കാരവും കമ്മീഷന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്വാശ്രയ വിദ്യാഭ്യാസ മേഖലയുടെ വളർച്ച, വിദ്യാഭ്യാസം സാധാരണക്കാർക്കും പാവപ്പെട്ടവർക്കും എത്രമാത്രം പ്രയോജനപ്പെടുന്നു എന്നീ കാര്യങ്ങൾ കൂടി കമ്മീഷന്റെ പഠന പരിധിയിൽ ഉൾപ്പെടുത്തുമോ ;

(ഇ) അൺ എയിഡഡ് സ്കൂളുകൾ നിയന്ത്രണമില്ലാതെ വളർന്ന് സർക്കാർ/എയിഡഡ് സ്കൂളുകളുടെ പ്രവർത്തനങ്ങളെ എത്രമാത്രം ദോഷകരമായി ബാധിച്ചു എന്ന് പഠന വിധേയമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ,

(എ) സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ ഇപ്പോൾ നിലവിലുള്ള പ്രശ്നങ്ങൾ പഠിച്ച് അവയ്ക്ക് പരിഹാരം കാണുന്നതിനും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും മറ്റുമായി ശ്രീ. യു. ആർ. അനന്തമൂർത്തി ചെയർമാനും താഴെ പറയുന്നവർ അംഗങ്ങളുമായി ഒരു സ്കൂൾ വിദാഭ്യാസ കമ്മീഷനെ നിയമിച്ചിട്ടുണ്ട്.

1. ഡോ. എ. സുകുമാരൻ നായർ
2. ഡോ. ഡി. ബാബു പോൾ
3. പ്രൊഫ. എൻ. പുരുഷോത്തമൻ
4. പ്രൊഫ. കെ. എം. സഹാവുദീൻ

(ബി) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇല്ല.

(ഡി) തൽക്കാലം ഉദ്ദേശമില്ല.

(ഇ) കമ്മീഷന്റെ പഠന വിഷയങ്ങളിൽ ഇതും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഗൾഫ് മലയാളികളുടെ തൊഴിൽ പ്രശ്നങ്ങൾ

9 (*508) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് മലയാളികൾ നേരിടുന്ന തൊഴിൽ പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഗൾഫിലെ തൊഴിൽപ്രശ്ന പരിഹാരത്തിന് പ്രത്യേക കോടതി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ഗൾഫ് അധികാരികളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly